**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 893** **24-02-2022 - ൽ മറുപടിയ്ക്ക്**

**വനമേഖലയിലെ അനധികൃത ട്രക്കിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനമേഖലയിൽ ട്രക്കിംഗിന് നിലവിൽ വനം വകുപ്പ് നിഷ്കർഷിച്ചിട്ടുളള മാനദണ്ഡങ്ങളും ആയത് ലംഘിയ്ക്കുന്നവർക്കെതിരെ സ്വീകരിച്ചു വരുന്ന നടപടികളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | വനത്തെയും വന്യജീവികളെയും ആയവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെയും കുറിച്ച് സന്ദർശകർക്ക് അവബോധം നൽകുക എന്നതാണ് ഇക്കോ-ടൂറിസം പദ്ധതികളുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ട്രക്കിംഗുകൾ നടത്തിവരുന്നുണ്ട്. ആയത് വനം വകുപ്പിന്റെ കർശന നിരീക്ഷണത്തിലാണ് നടത്തിവരുന്നത്. വനത്തിനോ വന്യജീവികൾക്കോ നാശം സംഭവിക്കാതെയും, അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയ്ക്ക് കോട്ടം തട്ടാതെയുമാണ് ട്രക്കിംഗുകൾ അനുവദിക്കുന്നത്. ട്രക്കിംഗിൽ പങ്കെടുക്കുന്നവർക്കൊപ്പം വനം വകുപ്പിന്റെ പരിചയസമ്പന്നരായ ഗൈഡുകൾ അനുഗമിക്കാറുണ്ട്. ഇവരുടെ മാർഗ്ഗ നിർദ്ദേശങ്ങളും സുരക്ഷാ മുന്നറിയിപ്പുകളും അനുസരിച്ച് മാത്രമേ ട്രക്കിംഗ് നടത്തുവാൻ അനുവദിക്കുകയുള്ളൂ. ഇത്തരത്തിൽ നൽകുന്ന നിർദ്ദേശങ്ങളും, മുന്നറിയിപ്പുകളും ലംഘിക്കുന്നവർക്ക് എതിരെ 1961 ലെ കേരളാ വനനിയമം സെക്ഷൻ 27 (1) (ഇ) iv പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ട്രക്കിംഗ് യുവാക്കൾക്കു ഹരമാണെങ്കിലും അപകടങ്ങൾ നിറഞ്ഞതായതിനാൽ വകുപ്പ് പലപ്പോഴും അനുമതി നല്കാതിരിയ്ക്കുന്നതും എന്നാൽ യുവാക്കൾ അനുമതിയില്ലാതെ വനംവകുപ്പിനെ കബളിപ്പിച്ച് മല കയറുന്നത് പതിവാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | വനംവകുപ്പിന്റെ അനുമതിയില്ലാത്ത പ്രദേശങ്ങളിൽ പ്രവേശിക്കുന്നതിനോ, ട്രക്കിംഗ് നടത്തുന്നതിനോ അനുവാദം നൽകുന്നില്ല. ചില പ്രദേശങ്ങളിൽ യുവാക്കൾ സാഹസികതയുടെ പേരിൽ അനധികൃതമായി പ്രവേശിക്കുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അവരെ പിൻതിരിപ്പിക്കാൻ ശ്രമിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ നിലവിലെ നിയമപ്രകാരം കേസ് എടുക്കാറുമുണ്ട്. പാലക്കാട്, ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിൽ ഇത്തരത്തിൽ രണ്ട് സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയും ഒരു കേസിൽ കുറ്റക്കാരെ കണ്ടെത്തി നടപടി സ്വീകരിക്കുകയും ഒരു കേസിൽ അന്വേഷണം നടത്തിവരികയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സാഹചര്യത്തിൽ വനമേഖലയിൽ ട്രക്കിംഗ് ഉൾപ്പെടെ വിവിധ യാത്രകൾ പൂർണ്ണമായും വകുപ്പിന്റെ നിയന്ത്രണത്തിലാക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്നു വ്യക്തമാക്കുമോ; | (സി) | വനമേഖലകളിലെ ട്രക്കിംഗുകളെല്ലാം ഇക്കോ-ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി വനം വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ് നടത്തിവരുന്നത്. |
| (ഡി) | ഇത്തരത്തിൽ അനധികൃത ട്രക്കിംഗിനു പോയവർക്കുണ്ടായ അപകടങ്ങളും അവർ വഴി വനമേഖലയ്ക്കുണ്ടായ പ്രശ്നങ്ങളും മുഖേന നിലവിലെ സർക്കാരിനുണ്ടായ ചെലവുകളും നാശനഷ്ടങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | 2022 വർഷത്തിൽ മലമ്പുഴയിൽ ഉണ്ടായ അപകടത്തിൽ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടവർക്ക് ആവശ്യമായ ഭക്ഷണവും, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നതിനായി വനംവകുപ്പിന് 15,000/- രൂപയോളം ചെലവ് വന്നിട്ടുണ്ട്. ടി രക്ഷാപ്രവർത്തനത്തിന് മറ്റു വകുപ്പുകൾക്ക് ചെലവായ തുക ക്രോഡീകരിക്കാത്തതിനാൽ നിലവിൽ ലഭ്യമല്ല. ടി വനമേഖലയ്ക്ക് നാശനഷ്ടം ഒന്നുമുണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ